മൂന്നു ഘട്ടമായിട്ടാണ് വിഡിയോ—ഫോൺ പടിഞ്ഞാറെ ജർമനിയിൽ നടപ്പിലാക്കുക. ആദ്യമായി, യൂറോപ്പിലെ എല്ലാ രാജ്യങ്ങളിലുമുള്ള നിർമാതാക്കളോട് യന്ത്രമാതൃകകൾ സമർപ്പിക്കാൻ ആവശ്യപ്പെടും. പിന്നീട് ഈ മാതൃകകൾ ഉപയോഗിച്ച് സർക്കാർ പരീക്ഷണങ്ങൾ നടത്തുകയും, നിർമാതാക്കളുമായി ആലോചിച്ച് വീഡിയോ—ഫോൺ സംബന്ധിച്ച ദേശീയമാനകങ്ങൾ (സ്റ്റാൻഡേർഡ്) തിട്ടപ്പെടുത്തുകയും ചെയ്യും. അതിനുശേഷം, ഒരു പരീക്ഷണമെന്ന നിലയിൽ കുറേക്കാലത്തേക്ക് വീഡിയോ—ഫോൺ സേവനം ഏർപ്പെടുത്തും. വരിക്കാരുടെ ആക്ഷേപങ്ങൾ പരിഹരിക്കാനും ആവശ്യങ്ങൾ നിറവേററിക്കൊടുക്കാനും ഈ അവസരം ഉപയോഗപ്പെടുത്തും. അപ്പോഴേക്ക് വീഡിയോ—ഫോണിന്റെ അന്താരാഷ്ട്രീയ മാനകങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കും. പിന്നീടു മാത്രമേ സ്ഥിരമായി സ്ഥാപിക്കേണ്ട യന്ത്രസംവിധാനങ്ങൾ നിർമിച്ചുതുടങ്ങുകയുള്ളൂ.

പാശ്ചാത്യരാജ്യങ്ങളിൽ ടെലിവിഷൻ നടപ്പിൽവന്നതിനുശേഷം മൂന്നു ദശവർഷങ്ങളോളമെടുത്തു അതു് ഇന്ത്യയിൽ വ്യാപകമായിത്തീരാൻ. എന്നാൽ, വീഡിയോ—ഫോൺ ഇന്ത്യയിലും എത്താൻ മേലിൽ അത്രയൊന്നും നീണ്ട ഇടവേള വേണ്ടിവരുമെന്നു തോന്നുന്നില്ല. ഏററവും പുതിയ സങ്കേതവിദ്യയ്ക്കുള്ള ദാഹം ഇന്ത്യൻ ഭരണാധികാരികളിൽ ഇപ്പോൾ കണ്ടുവരുന്നുണ്ട്. അതിനാൽ, 1990—ൽ യൂറോപ്പിൽ വീഡിയോ—ഫോൺ നടപ്പായാൽ 1995—ൽ എങ്കിലും അതു് ഇന്ത്യയിലും എത്തുമെന്നുവേണം കരുതാൻ.

അരിമണിയൊന്നു കൊറിക്കാനില്ല
തരിവളയിട്ടു കിലുക്കാൻ മോഹം

എന്നതായിരിക്കുമോ അപ്പോഴും നമ്മുടെ സ്ഥിതി?

(31 ജനുവരി, 1988)

# 78. കുട

'മഴ! മഴ! മഴ!' എന്ന ഭീഷണിയും 'കുട! കുട! കുട!' എന്ന താക്കീതും ആകാശവാണിയിലെ പരസ്യത്തിൽ തുടർച്ചയായി കേൾക്കാൻ തുടങ്ങിയപ്പോൾ, ഈയാണ്ടിൽ മഴ തകർത്തു പെയ്യുമെന്നും, അതിൽനിന്ന് എനിക്കു സംരക്ഷണം നൽകുവാൻ പത്തോ, പന്ത്രണ്ടോ വർഷങ്ങളുടെ പഴക്കം ഉള്ള എന്റെ കുടയ്ക്കു കഴിഞ്ഞേക്കുകയില്ലെന്നും, അതിനാൽ വില എത്രയായാലും, ഒരു പുതിയ കുട വാങ്ങണമെന്നും ഞാൻ ആലോചിച്ചു. പക്ഷേ, എന്റെ ധർമപത്നിക്ക് ആ നിർദേശം സ്വീകാര്യമായില്ല.

'പഴയതെങ്കിലും, ഉപയോഗത്തിന് ഇപ്പോഴത്തേതുതന്നെ പോരേ? പുതിയതൊന്നു വാങ്ങിയാൽ അതു് നിങ്ങൾ എവിടെയെങ്കിലും മറന്നു വെച്ചു വരില്ലേ? കാലു പിടിച്ചവരെ മറക്കുന്ന ശീലമല്ലേ നിങ്ങൾക്ക്? പഴയ കുടയ്ക്ക് എന്താ ഒരു കുറവ്? ഇതു തികച്ചും ഉപയോഗശൂന്യമാവട്ടേ. അല്ലെങ്കിൽ എവിടെയെങ്കിലും കളഞ്ഞുപോകട്ടെ. എന്നിട്ട് ആലോചിക്കാം പുതിയതൊന്നു വാങ്ങിക്കുന്നതിനെപ്പററി. അല്ലെങ്കിലും ഈ ആണ്ടിൽ അത്രയേറെ മഴപെയ്യുമെന്നു നിങ്ങൾക്ക് എന്താണ് ഉറപ്പ്?'

എന്റെ കൈവശമുള്ള പഴയ കുട ഒരിക്കൽക്കൂടി നിവർത്തി സൂക്ഷ്മമായി പരിശോധിച്ചപ്പോൾ യഥാർത്ഥത്തിൽ എനിക്കു സങ്കടം

തോന്നി. എത്ര നല്ല കുടയായിരുന്നു! എന്തു് അഴകായിരുന്നു! എന്തെല്ലാം സൗകര്യങ്ങളായിരുന്നു! പിടിയുടെ തൊട്ടു മുകളിലുള്ള ബട്ടൻ പതുക്കെ ഒന്നു് അമർത്തിയാൽ അതു തനിയെ, അശ്ലേഷം ധൃതികൂടാതെ നിവർന്നുവരുമായിരുന്നു. ഇതിനായി സംഘടിപ്പിക്കപ്പെട്ടിരുന്ന സ്പ്രിങ്ങുകൾ, കിഴവന്റെ പല്ലുകൾപോലെ, ഒന്നൊന്നായി കൊഴിഞ്ഞുതുടങ്ങിയപ്പോൾ മുഴുവൻ എടുത്തുമാറേറണ്ടിവന്നു. ഇപ്പോൾ മിതമായ തോതിൽ ബലം പ്രയോഗിച്ചാലേ എന്റെ കുട നിവർത്തുവാൻ കഴിയൂ. നിവർത്തുമ്പോൾ പലപ്പോഴും കമ്പികൾ കൂടിപ്പിണയും; അവയുടെ പിണക്കം തീർക്കാൻ കുട വേഗത്തിൽ ചുഴററുകയോ, കുടയുകയോ ഒക്കെ വേണം.

ഏററവുമധികം പരുക്ക പററിയിട്ടുള്ളതു് അതിന്റെ പിടിക്കാണു്. ഒരു തവണ കൈയിൽ പല കെട്ടുകളും, ഒപ്പം കുടയും എടുത്തുകൊണ്ടു് ഞാൻ ഒരു കാറിൽ കയറി. വാതിൽ അടച്ചപ്പോൾ കുടയുടെ പിടി വാതിലിനും കാറിന്റെ ബോഡിക്കും ഇടയിൽ കുടുങ്ങി. 'നല്ല കാര്യം! കൈ അല്ലല്ലോ കുടുങ്ങിയതു്!' എന്നായിരുന്നു ആദ്യം എന്റെ ആശ്വാസം. പക്ഷേ, എത്ര ശ്രമിച്ചിട്ടും വാതിൽ തുറക്കാൻ കഴിയുന്നില്ലെന്നു കണ്ടപ്പോൾ ആശ്വാസം പരിഭ്രമമായി മാറി. ഒടുവിൽ ഡ്രൈവർ എന്റെ സഹായത്തിനെത്തി. വാതിൽ തുറക്കാൻ അദ്ദേഹത്തിനും കഴിഞ്ഞില്ല. അവസാനം വാതിൽ തുറക്കാതെതന്നെ ബലംപ്രയോഗിച്ചു് കുട വലിച്ചു പുറത്തെടുത്തപ്പോൾ അതിന്റെ വളഞ്ഞ ഇരുമ്പുപിടി പൊതിഞ്ഞിരുന്ന മിനുത്ത തോൽ അവിടവിടെ കീറിപ്പൊളിഞ്ഞുപോയി. 'കുട ഒന്നു മാററാറായില്ലേ അപ്പൂപ്പാ?' എന്ന ചോദ്യം, ഇപ്പോൾ ബസ്സുകളിലെ സഹയാത്രികർ സാധാരണയായി എന്റെ നേർക്കു തൊടുത്തുവിടാറുണ്ടു്. ചിലരുടെ കുശലപ്രശ്നംതന്നെ ഈ രൂപത്തിലായിരിക്കുന്നു.

'മഴയില്ലാത്ത ഇക്കാലത്തു്, എന്തിനാ സാറേ ഒരു കുട?' എന്നു ചോദിക്കുന്നവരും കുറവല്ല. കുട മിക്കപ്പോഴും വടിയായിട്ടാണു ഞാൻ ഉപയോഗിക്കുന്നതു് എന്ന വസ്തുത അവരോടു ഞാൻ തുറന്നുപറയാറില്ല. എന്തിനു് സ്വന്തം ബലക്ഷയം വെളിപ്പെടുത്തുന്നു? ഒരു തലമുറമുമ്പു് മാന്യന്മാർ ചെയ്തിരുന്നതുപോലെ, വടി കൈയിലെടുത്തു നടക്കാനുള്ള ധൈര്യം എനിക്കു് ഇനിയും കൈവന്നിട്ടില്ല.

ഇന്ത്യയിൽ ഒരു കാലത്തു രാജത്വത്തിന്റെ ചിഹ്നമായിരുന്നു കുട. മററു് എല്ലാം ഉപേക്ഷിച്ചാലും, രാജാവു കൈവിട്ടുകൂടാത്ത വസ്തുക്കളായിരുന്നു ഒരു കുടയും രണ്ടു ചാമരങ്ങളും. 'ശശിപ്രഭം ഛത്രമുഭേ ചാമരേ' എന്ന സംക്ഷിപ്തോക്തിയിൽ കാളിദാസമഹാകവി ഈ രാജചിഹ്നങ്ങളെ നമുക്കായി എന്നും സൂക്ഷിച്ചുവെച്ചിരിക്കുന്നു: 'ഛത്രം' എന്നാണു സംസ്കൃതത്തിൽ കുടയുടെ പേരു്. 'അകലെനിന്നു തടുക്കുന്നതിനു് അല്ലെങ്കിൽ മറയ്ക്കുന്നതിനു് ഉള്ള ഉപകരണം' എന്നാണു് ആ വാക്കിന്റെ അവയവാർത്ഥം. സിംഹാസനാരോഹണാവസരത്തിൽ രാജാവു് ഉപയോഗിക്കുന്ന ഛത്രത്തിനു് 'നവദണ്ഡം' എന്ന വിശേഷപ്പേർ നൽകിക്കാണുന്നു. 'പുതിയ കാലുള്ളതു്' എന്നായിരിക്കാം ഇതിന്റെ അർത്ഥം. 'ഒമ്പതു കാലുകൾ ഉള്ളതു്' എന്നും ചിലർ അർത്ഥം പറഞ്ഞുകാണുന്നു. ഒരൊററ കുടയ്ക്കു്, അതു് രാജാവിന്റെ കുടയായാലും, ഒമ്പതു കാലുകൾ ഉണ്ടാവുന്നതെങ്ങനെ എന്നു് എനിക്കു മനസ്സിലായിട്ടില്ല. 'ഏകഛത്രമായ രാജ്യം', 'ഏകഛത്രാധിപതി' എന്നൊക്കെ പ്രയോഗങ്ങളുള്ളതിനാൽ, തന്റെ അധികാരാതിർത്തിക്കുള്ളിൽ ഇത്തരം കുടകൾ ഉപയോഗിക്കാൻ മററാരെയും രാജാവു് അനുവദിച്ചിരുന്നില്ല എന്നുവേണം കരുതാൻ. രാജാവു്, മഹാരാജാവു് എന്നീ ബിരുദങ്ങളേക്കാൾ ഉയർന്നതായിരുന്നു 'ഛത്ര

പതി' എന്ന ബിരുദം. 'ചക്രവർത്തി' എന്നതിനു് തുല്യമായ ഈ ബിരുദമായിരുന്നു ശിവാജി സ്വീകരിച്ചിരുന്നതു് (അദ്ദേഹത്തിനു നൽകപ്പെട്ടിരുന്നതു്). 'ഇരുപത്തിനാലു ഛത്രങ്ങളുടെ പതി' എന്നായിരുന്നുവത്രെ ബർമയിലെ രാജാക്കന്മാരുടെ ബിരുദം.

തുണികൊണ്ടു് നിർമിച്ച വെളുത്ത കട പഴയ ഇന്ത്യയിൽ രാജാക്കന്മാർക്കുമാത്രമേ ഉപയോഗിക്കാമായിരുന്നുള്ളു. സാധാരണക്കാർ ഉപയോഗിച്ചിരുന്നതു്, മുളന്തണ്ടിൽ മുളയലകുകൾ ഘടിപ്പിച്ചു് പനയോലകൊണ്ടു പൊതിഞ്ഞ കുടകളായിരുന്നു. മഴയും വെയിലും തടയുന്നതിനുള്ള പ്രയോജനകരങ്ങളായ ഉപകരണങ്ങളെന്നപോലെ, മനോഹരങ്ങളായ കലാസൃഷ്ടികൾകൂടിയായിരുന്നു ഈ ഓലക്കുടകൾ. തൃശ്ശൂർപ്രദേശത്തു് ഇത്തരം കുടകൾ നിർമിച്ചിരുന്നതു് കണിയാൻജാതിയിൽപ്പെട്ടവരായിരുന്നു. തെക്കെ മലബാറിൽ പാണന്മാരാണു് ഈ ജോലിചെയ്തുവന്നതു്. കനം കുറഞ്ഞ ഓടത്തണ്ടു്, മനോഹരമായി ചായംതേച്ച മരത്തണ്ടു്, ഇടയ്ക്കിടെ മോതിരാകൃതിയിൽ അരിമ്പുകളുള്ള കറുത്തുമിനുത്ത ഒരുതരം മരത്തണ്ടു്(ഇതിനെ ഞങ്ങൾ 'മുസ്സമ്പി' എന്നാണു വിളിച്ചിരുന്നതു്.)അങ്ങനെ കുടക്കാലുകളിൽ പല വൈചിത്ര്യങ്ങളും ഉണ്ടായിരുന്നു. അന്തർജനങ്ങളുടെ മറക്കുട, കർഷകരുടെ തൊപ്പിക്കുട—അങ്ങനെയും പല രൂപങ്ങളിൽ ഓലക്കുടകൾ ലഭ്യങ്ങളായിരുന്നു.

ക്രിസ്തുവർഷം 1832—ാമാണ്ടുവരെ ഇന്ത്യയിൽ എല്ലാ പ്രദേശങ്ങളിലും സാധാരണക്കാർ ഉപയോഗിച്ചുവന്നതു് ഓലക്കുടകളാണെന്നു കാണുന്നു. ആ വർഷത്തിൽ, അതായതു് ഇന്നേക്കു കൃത്യം നൂററമ്പത്തഞ്ചു വർഷങ്ങൾമുമ്പാണത്രേ മഹേന്ദ്രലാൽദത്ത എന്നൊരാൾ കൽക്കത്തയിൽ പടൽഡംഗതെരുവിൽ ആദ്യത്തെ ആധുനിക കുടക്കമ്പനി ആരംഭിച്ചതു്. അതിനുമുമ്പു് ബർദ്വാൻ മഹാരാജാവിന്റെ സദസ്സിൽ 'പഖാവജ്' എന്ന മൃദംഗവാദ്യം വായിക്കുകയായിരുന്നു ദത്തയുടെ തൊഴിൽ. തുടങ്ങുമ്പോൾ ദത്തയുടെ കുടക്കമ്പനിയിൽ നാലോ, അഞ്ചോ തൊഴിലാളികളേ ഉണ്ടായിരുന്നുള്ളു. ഇംഗ്ലീഷുകാരെ അനുകരിച്ചു് ദത്ത തന്റെ കുടകൾക്കു് ഇരുമ്പുകമ്പികളും തുണിയും നൽകി. പക്ഷേ, കാലുകൾ മുളകൊണ്ടുതന്നെയായിരുന്നു. പിന്നീടു് ചൂരലും, ഒടുവിൽ 1990—ൽ മരവും കുടക്കാലായി ദത്ത ഉപയോഗപ്പെടുത്തി. അക്കാലത്തു ബ്രിട്ടീഷ്ഗവണ്മെൻറ് ഇന്ത്യയിൽ പരക്കെ സർവേ നടത്തിവരികയായിരുന്നു ഈ സർവെയർമാർക്കുവേണ്ടി തുണിക്കുമീതെ സർക്കാർചിഹ്നമായ ഒരു കഷണം കാക്കിത്തുണി ഘടിപ്പിച്ച കുടകളും ദത്ത ഉണ്ടാക്കി. സായ്പന്മാർക്കും നാട്ടുകാരായ പണക്കാർക്കുംവേണ്ടി, പിച്ചളക്കാലുള്ള വലിയ 'തോട്ടക്കുടകൾ' ഉണ്ടാക്കിയതാണു് ദത്തയുടെ മറെറാരു സേവനം. ഓർഡർ അനുസരിച്ചു് വെള്ളിക്കാൽക്കുടകളും സ്വർണക്കാൽക്കുടകളും സ്വർണക്കാലിൽ രത്നംപതിച്ച കുടകളും ദത്ത നിർമിച്ചുകൊടുത്തിരുന്നുവത്രെ. ക്ഷേത്രങ്ങളിൽ എഴുന്നെള്ളത്തുകൾക്കു പട്ടുകുടകളും ദത്ത ഉണ്ടാക്കിയിരുന്നു. പട്ടുകുടകളുടെ വക്കിൽ വെള്ളിയലുക്കുപിടിപ്പിക്കുന്ന രീതി ദത്ത ആവിഷ്കരിച്ചതാണത്രെ. ആവോ! കേരളത്തിലെ ഉത്സവങ്ങളിൽ കാണുന്ന പട്ടുകുടകളുടെ ചരിത്രം ശരിക്കു മനസ്സിലാക്കിയാലേ ഇക്കാര്യത്തിൽ ദത്തയുടെ അവകാശവാദം എത്രകണ്ടു് സത്യമാണെന്നു തീർത്തു പറയാൻ കഴിയൂ.

'അമ്പത്തൊന്നക്ഷരാളീ കലിതതനുലതേ!
വേദമാകുന്ന ശാഖി—
ക്കൊമ്പത്തമ്പോടുപൂക്കും കുസുമതതിയിലേ—
ന്തുന്ന പൂന്തേൻകുഴമ്പേ!

ചൊമ്പൊൽത്താർബാണഡംഭ പ്രശമനസുകൃതോ–
 പാത്തസൗഭാഗ്യലക്ഷ്മീ–
സമ്പത്തേ! കമ്പിടുന്നേൻ കഴലിണ, വലയാ–
 ധീശ്വരീ! വിശ്വനാഥേ!'

എന്ന് മഴമംഗലം വാഴ്ത്തിയ ഊരകത്ത് അമ്മതിരുവടിയുടെ പട്ടുകടക്കുള്ളിൽ ഇപ്പോഴും ഒരു ചെറിയ ഓലക്കുട ഘടിപ്പിച്ചുവരുന്നുണ്ട്. ഇതിൽനിന്ന് പട്ടുനൂലുകളിൽ സ്വർണനാണയങ്ങൾ തൂക്കിയിടുകയും പതിവാണ്. ഒരു കാലത്ത് കേരളത്തിലെ ക്ഷേത്രോത്സവങ്ങളിൽ പട്ടുകുടകളല്ല, ഓലക്കുടകളാണ് ഉപയോഗിക്കപ്പെട്ടിരുന്നത് എന്നതിന്റെ തെളിവാണോ ഇത്?

ബ്രിട്ടീഷ് വാഴ്ചക്കാലത്ത് ജയിൽസൂപ്രണ്ടുമാർ ദിവസേന വാർഡുകൾ സന്ദർശിക്കുമ്പോൾ, ചുവപ്പും വെളുപ്പും നിറമുള്ള ഒരു വലിയ കുട നിവർത്തിപ്പിടിച്ച് ഏതാനും ഓർഡർലിമാർ അവരോടൊപ്പം നടക്കാറുണ്ടത്രെ. ഈ കുട കണ്ടാൽ തടവുകാർ വരിയായിനിന്ന് 'സലാം' ചെയ്യണമെന്നായിരുന്നു നിയമം. ആദ്യകാലത്തെ സ്വാതന്ത്ര്യപ്പോരാളികളുടെ വെല്ലുവിളിമൂലമാണ് ഈ ചടങ്ങ് ജയിലുകളിൽനിന്ന് അപ്രത്യക്ഷമായത്.

പൊതുവാഹനങ്ങളിൽ നീണ്ട കാലുകളുള്ള കുടകളുംകൊണ്ടു കയറുന്നത് അസൗകര്യമാകയാൽ, രണ്ടാം മഹായുദ്ധത്തിനുശേഷം, ഒടിച്ചുമടക്കിയോ (ഫോൾഡിങ്), അകത്തേക്കകത്തേക്കു തിരുകിക്കയറ്റിയോ (ടെലസ്കോപ്പിങ്) കാലുകളുടെ നീളം കുറയ്ക്കാവുന്ന കുടകൾ പ്രചാരത്തിൽവന്നു. അതിനുമുമ്പുതന്നെ, വളഞ്ഞ നീണ്ടകാലുള്ള കുട പുരുഷന്മാർക്കും, കുറിയ, തലപ്പത്ത് ഒരു കുടപ്പൻ ഉള്ള, കുട സ്ത്രീകൾക്കും എന്ന ഒരു വിഭജനം നിലവിൽവന്നിരുന്നു ഇപ്പോൾ അധികം പുരുഷന്മാരും സ്ത്രീകളും കൈസ്സഞ്ചിയിൽ (കോട്ടിന്റെ പോക്കറ്റിൽ) വെയ്ക്കാവുന്ന കൊച്ചു കാൽക്കുടകളാണ് ഇഷ്ടപ്പെടുന്നത്. മഴക്കോട്ടുകൾ കുടകളെക്കാൾ സൗകര്യമാണ്; കാറ്റത്തു പറന്നുപോവുകയുമില്ല. എങ്കിലും, കുടകളെ രംഗത്തുനിന്നു തികച്ചും നിഷ്കാസനംചെയ്യാൻ മഴക്കോട്ടുകൾക്ക് എന്നെങ്കിലും കഴിയുമെന്നു തോന്നുന്നില്ല.

കേരളത്തിൽ ശീലക്കുട ആദ്യമായി നടപ്പാക്കിയത് ആരായിരുന്നു? കോഴിക്കോട്ടെ ഇബ്രാഹിം കരീം ആൻഡ് സൺസ് എന്ന കമ്പനിയായിരുന്നു എന്നാണ് എന്റെ ധാരണ. ഇവരുടെ 'മാൻമാർക്ക്' കുടകൾ എന്റെ ചെറുപ്പത്തിൽ കേരളത്തിലെ കുട മാർക്കറ്റിൽ 'ഏകച്ഛത്രാധിപത്യം' പുലർത്തിയിരുന്നു. അന്നത്തെ പത്രപ്പരസ്യങ്ങളിലുണ്ടായിരുന്ന ഒരു പദ്യത്തിന്റെ ഓർമ, ഈയിടത്തെ ആകാശവാണിയിലെ 'മഴ—മഴ—മഴ—കുട—കുട—കുട' കേട്ടിട്ടും മാഞ്ഞുപോയിട്ടില്ല.

ഉറപ്പും ഭംഗിയും പിന്നെ
ലാഭം സുഖമിതൊക്കെയും
ചേരുന്ന കുട രാജാവാം
മാൻമാർക്കൊന്നു ധരിക്കുവിൻ!

(4 ഒക്ടോബർ, 1987)